ശ്രീ. ടി. കൃഷ്ണൻ : ബഹുമാനപ്പെട്ട മന്ത്രി ഹരിജനോന്നമന ഡിപ്പാർട്ട്മെന്റിന്റെ പ്രവർത്തനത്തെപ്പറ്റി ചോദിക്കാനവകാശമില്ല എന്നു പറഞ്ഞാൽ ഞങ്ങൾ ഒരൊറ്റ അക്ഷരം ചോദിക്കുകയില്ല.

ശ്രീ. പി. എം. കുഞ്ഞുരാമൻ നമ്പ്യാർ : ഈ പട്ടിണി നിരാഹാരവൃത്തത്തിൽ പെടുമോ ?

അദ്ധ്യാപകരെ പിരിച്ചുവിട്ടതിനെ സംബന്ധിച്ചുള്ള പരാതി.

* 1749. [20] ശ്രീ. എം. കെ. കേളു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോഴിക്കോട്ടു ജില്ലയിൽ അരിയല്ലൂർ ദേവിവിലാസം യു. പി. സ്കൂൾ (മലപ്പുറം വിദ്യാഭ്യാസജില്ല) അദ്ധ്യാപകരായ ഏഴുപേരെ നാലു മുതൽ എട്ടുവരെ കൊല്ലം സസ്പെൻഷനായിട്ടും 1956 സെപ്റ്റംബർ 9-ാം തീയതി മുതൽ ഡിസംബർ 10 വരെ സസ്പെൻഡുചെയ്യുകയും 10-12-1956 മുതൽ പിരിച്ചുവിടുകയും ചെയ്തതിനെ സംബന്ധിച്ചു പരാതികൾ കിട്ടിയിട്ടു് എത്ര കാലമായി ;

(ബി) ആ പരാതിയിന്മേൽ എന്തു നടപടികളാണു് എടുത്തതു് ;

(സി) പിരിച്ചുവിട്ട അദ്ധ്യാപക്കു് വീണ്ടും ആ സ്കൂളിൽ ജോലി കൊടുത്തുവോ ;

(ഡി) പിരിച്ചുവിടാനുള്ള കാരണം കാണിച്ചു് ഡിപ്പാർട്ടുമെന്റിനെ അറിയിച്ചിരുന്നുവോ ;

(ഇ) അദ്ധ്യാപകന്മാരെ തിരിച്ചെടുത്തില്ലെങ്കിൽ ആവശ്യമായ നടപടികൾ എടുത്തു് അവരെ തിരിച്ചെടുപ്പിക്കുമോ ?

വിദ്യാഭ്യാസവകുപ്പുമന്ത്രി (ശ്രീ. ജോസഫ് മുണ്ടശ്ശേരി) :

(എ) പ്രസ്തുത സംഗതിയെ സംബന്ധിച്ചു് ഗവണ്മെന്റിൽ ഒരു പരാതി ലഭിച്ചു. അതിനെപ്പറ്റി പല പരാതികളും കിട്ടീട്ടുണ്ടു്.

(ബി) ഗവണ്മെന്റിലേക്കു് ലഭിച്ച പരാതികൾ ഡയറക്ടർക്കു് അയച്ചുകൊടുക്കുകയുണ്ടായി. വേണ്ട നടപടിയെടുത്തു റിപ്പോർട്ടു ചെയ്യുവാൻ ആവശ്യപ്പെടുകയും ചെയ്തു.

(സി, ഡി, ഇ.) ഈ പരാതികളിൽ, സ്കൂൾ ഗവണ്മെന്റിലേക്കു് ഏറ്റെടുക്കണമെന്നും ഏറ്റെടുക്കുകയാണെങ്കിൽ പിരിച്ചുവിട്ടിട്ടുള്ള അദ്ധ്യാപകന്മാരെ എല്ലാം പ്രവേശിപ്പിക്കണമെന്നുമാണു്. സ്കൂൾ ഏറ്റെടുക്കുന്നതിനെ സംബന്ധിച്ചു് ഗവണ്മെന്റു തീരുമാനമെടുത്തിട്ടില്ല. സ്കൂൾ ഏറ്റെടുക്കുന്നതും ഈ അദ്ധ്യാപകരെ റീ ഇൻസ്റ്റേറ്റു് ചെയ്യുന്നതുമുള്ള നടപടി പൂർത്തിയായിട്ടില്ല.

ശ്രീ. എം. കെ. കേളു : അവരെ തിരിച്ചെടുക്കണമെന്നു പരാതികൾ ഗവണ്മെന്റിനു ലഭിച്ചിട്ടെത്രകാലമായി ?

ശ്രീ. ജോസഫ് മുണ്ടശ്ശേരി : അതിനു ഒരു തീരുമാനമെടുക്കാൻ കുറെ സമയം വേണ്ടിവരുന്നതു് ഫൈനാൻസു ഡിപ്പാർട്ടുമെന്റുമായി ഈ കാര്യം ആലോചിച്ചിട്ടുവേണം ഒരു തീരുമാനം എടുക്കാൻ. ഇതു പരിശോധിച്ചുവരുകയാണു്. താമസിയാതെ തീരുമാനമുണ്ടാക്കാം.

ശ്രീ. എം. കെ. കേളു : ഈ സ്കൂൾ ഏറ്റെടുക്കുന്നതിനും അതിലെ അദ്ധ്യാപകന്മാരെ തിരിച്ചെടുക്കുന്നതിനും ഗവണ്മെന്റു ഡിപ്പാർട്ടുമെന്റിനോടു് അവശ്യപ്പെട്ടിരുന്നോ ; അതിന്മേൽ ഡിപ്പാർട്ടുമെന്റു തീരുമാനമെടുക്കാതിരുന്നതല്ലേ ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ജോസഫ് മുണ്ടശ്ശേരി : ഡിപ്പാർട്ടുമെൻറ മുൻകാലങ്ങളിലൊക്കെ ചെയ്യുന്നതുപോലെ ചെയ്യണമെന്നു പറഞ്ഞിട്ടുണ്ട്. റീ ഇൻസ്റ്റേറ ചെയ്യാൻ എന്തു വ്യവസ്ഥകളെല്ലാം അനുസരിക്കണമോ അതെല്ലാംഅനുസരിക്കേണ്ടിയിരിക്കുന്നു. അദ്ധ്യാപകന്മാരെ നിയമിക്കുന്ന കാര്യം ഫൈനാൻസുമായി ആലോചിക്കണം.അദ്ധ്യാപകന്മാരെ അവിടെ നിയമിക്കാൻ ഒഴിവുകളില്ലാത്തതുകൊണ്ട് അതു ചെയ്തില്ല

ശ്രീ. എം. കെ. കേളു : അതു സ്കൂളിൻെറ അംഗീകാരം തടയുന്നതിനെന്താണ് വിരോധം ?

ശ്രീ. ജോസഫ് മുണ്ടശ്ശേരി : അതേക്കുറിച്ചും ആലോചിക്കുന്നുണ്ട്.

ശ്രീ. അവുക്കാദർകുട്ടി നഹ : മുമ്പു അതു സ്കൂളം നടത്തിയിരുന്ന മാനേജർ തന്നെയാണോ ഇപ്പോഴും നടത്തുന്നതു് ?

ശ്രീ. ജോസഫ് മുണ്ടശ്ശേരി : അതിൻെറ വിവരം കയ്യിലില്ല.

ശ്രീ. അവുക്കാദർകുട്ടി നഹ : സ്കൂളംമാസ്റ്ററന്മാർ അടങ്ങിയ ഒരു കമ്മിറ്റിയാണ് സ്കൂളം നടത്തുന്നതെന്നറിയാമോ ?

ശ്രീ. ജോസഫ് മുണ്ടശ്ശേരി : അറിവില്ല. അദ്ധ്യാപകന്മാരടങ്ങിയ കമ്മിറ്റിയാണ്, പണ്ടു പിരിച്ചുവിട്ടിട്ടുള്ള അദ്ധ്യാപകന്മാരെ റീ ഇൻസ്റ്റേറ ചെയ്യണമെന്നു് അവശ്യപ്പെട്ടതു്.

ശ്രീ. അവുക്കാദർകുട്ടി നഹ : അങ്ങനെ അവർ ആവശ്യപ്പെട്ടിട്ട് എന്തുകൊണ്ടാണെടുക്കാത്തതു് ?

ശ്രീ. ജോസഫ് മുണ്ടശ്ശേരി: ആവശ്യപ്പെട്ടാൽ ഉടനെ എടുക്കാൻ നിവൃത്തിയില്ല. അതിൻെറ ഫൈനാൻഷ്യൽ അസ്സെക്റ്റസ് എല്ലാം പരിശോധിക്കേണ്ടതായിട്ടുണ്ട്.

ശ്രീ. പി. എം. കുഞ്ഞിരാമൻ നമ്പ്യാർ : ഈ പിരിച്ചുവിട്ട അദ്ധ്യാപകന്മാക്ക് വല്ല പിഴയോമറോ കൊടുക്കാനുള്ള നടപടി സ്വീകരിക്കാൻ സർവ്വെന്നേറിനു വ്യവസ്ഥയുണ്ടോ ?

ശ്രീ. ജോസഫ് മുണ്ടശ്ശേരി : പണ്ടത്തെ റൂളിലില്ല. ഇനിയിപ്പോൾ അതനുസരിച്ചുള്ള നടപടിയേ ഉള്ളൂ. അതനുസരിച്ചു ചെയ്യാം.

ഇലക്ട്രിക് ലൈൻ വലിക്കുന്നതിനുവേണ്ടി വൃക്ഷങ്ങൾ വെട്ടിമാറ്റിയിട്ടുള്ളതിനു പ്രതിഫലം.

* 1750. [21] ശ്രീ. കെ. എം. ജാർജ്ജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവകുപ്പുമന്ത്രി സഭയം മറുപടി നൽകുമോ :

(എ) ഇലക്ട്രിക് ലൈൻ വലിക്കുന്നതിനുവേണ്ടി വൃക്ഷങ്ങളും മറ്റും വെട്ടിമാറ്റിയിട്ട് അതിനുള്ള പ്രതിഫലം കൊടുക്കുവാൻ ഒരു വർഷത്തിലധികം താമസം വന്നിട്ടുള്ള എത്ര കേസുകൾ കേരളത്തിലുണ്ട്;

(ബി) അപ്രകാരമുള്ള പ്രതിഫലം ഒരു വർഷത്തിനകം കൊടുക്കുവാൻ സാധിക്കാത്തതു് എന്തുകൊണ്ടാണ്;

(സി) തുക്കാരിയൂർ—ത്രേത്തല്ലൂർകുട്ട് ഇലക്ട്രിക് ലൈൻ വലിച്ചിട്ട് എത്ര കാലമായി;

(ഡി) ഈ ലൈൻ വലിച്ചപ്പോൾ വെട്ടിമാറ്റിയ വൃക്ഷങ്ങളുടെയും മറ്റും പ്രതിഫലം ഇതുവരെ കൊടുക്കുവാൻ കൊടുക്കാത്തതു് എന്തുകൊണ്ടാണ്?

LIBRARY ARCHIVES Kerala Legislative Assembly